# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1427** | **13/07/2016-ൽ മറുപടിക്ക്**

## അലോപ്പതി ഒഴികെയുള്ള ചികിത്സാ രീതികളുടെ സംയോജനത്തിനും വളർച്ചയ്ക്കുമായുള്ള പദ്ധതി

**ചോദ്യം**

ശ്രീ.എ.പി. അനിൽ കുമാർ
ശ്രീ.ഹൈബി ഈഡൻ
ശ്രീ.കെ.എസ്.ശബരീനാഥൻ
ശ്രീ.അനിൽ അക്കര

**മറുപടി**

ശ്രീമതി. കെ കെ ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ആരോഗ്യ രംഗത്ത് അലോപ്പതി ഒഴികെയുള്ള വിവിധ ചികിത്സാ സമ്പ്രദായങ്ങളുടെ സംയോജനത്തിനും വളർച്ചയ്ക്കുമായി പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത് എന്ന് വിശദമാക്കാമോ ; | (ബി) | ഭാരതീയ ചികിത്സാ രീതികളായ ആയുർവേദം, യോഗയും, പ്രകൃതിചികിത്സയും, യുനാനി, സിദ്ധ എന്നീ സമ്പ്രദായങ്ങൾക്കും ഹോമിയോപ്പതിക്കും സംസ്ഥാനത്ത് കൂടുതൽ പ്രാമുഖ്യം നൽകുന്നതിനും ഈ ചികിത്സാ വിഭാഗങ്ങൾ ഗവേഷണപരമായും വിദ്യാഭ്യാസപരമായും കൂടുതൽ ഔന്നിത്യം ആർജ്ജിക്കുന്നതിനും ആരോഗ്യ സംരക്ഷണത്തിൽ ഈ സമ്പ്രദായങ്ങളുടെ പ്രാധാന്യം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും ഇതുവഴി ലക്ഷ്യമിടുന്നു. |
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദീകരിക്കാമോ? | (സി) | സംസ്ഥാനത്ത് അലോപ്പതി ഒഴികെയുള്ള വിവിധ ചികിത്സാ സമ്പ്രദായങ്ങളുടെ സംയോജനത്തിനും വളർച്ചയ്ക്കുമായി കേന്ദ്ര സർക്കാരിന്റെ മാതൃകയിൽ സംസ്ഥാനത്ത് ആയുഷ് വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം ആയുഷ് ഹോളിസ്റ്റിക് സെന്റർ തിരുവനന്തപുരത്ത് ആരംഭിക്കുകയും ഇപ്പോൾ കൊല്ലം, എറണാകുളം, തൃശ്ശൂർ, മലപ്പുറം എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരികയും ചെയ്യുന്നു. സംസ്ഥാനത്ത് 8 ജില്ലകളിൽ ആയുഷ് ഗ്രാമം പദ്ധതി നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആയുഷ് ഹെൽത്ത് പ്രോഗ്രാം, ഹോളിസ്റ്റിക് സെന്റർ എന്നിവ നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ